# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. എൽ. പി. എസ്

കുളപ്പട

2025-2026

OPPO A79 5G
Uzhamalakkal | 3 July 2025 at 1:11 pm

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

വിദ്യാലയം : ഗവ. എൽ. പി. എസ്
കുളപ്പട

ഉപജില്ല : നെടുമങ്ങാട്

വിദ്യാഭ്യാസ ജില്ല : ആറ്റിങ്ങൽ

ജില്ല : തിരുവനന്തപുരം

വർഷം : 2025 - 2026

ലോവർ പ്രൈമറി സ്കൂൾ
തീയതി
കുളപ്പട

എം.ടി.രാജലക്ഷ്മി
പ്രഥമാദ്ധ്യാപിക
പെൻ:602048
ഗവ.എൽ.പി.എസ്.കുളപ്പട

OPPO A79 5G
Uzhamalakkal | 3 July 2025 at 1:12 pm

# ആമുഖം

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയവും. ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവന ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിൽ എത്തിക്കുന്നതിലൂടെ മാത്രമേ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയൂ. കുട്ടികളുടെ പൊതുവായതും സവിശേഷമായതുമായ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുന്നതിലൂടെ നമുക്ക് ലക്ഷ്യത്തിലെത്താൻ സാധിക്കും. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് നമ്മുടേത്. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

OPPO A79 5G
Uzhamalakkal | 3 July 2025 at 1:12 pm

# സ്കൂൾ ചരിത്രം

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുളപ്പട ഗവ: എൽ.പി. സ്കൂൾ സ്ഥാപിതമായിട്ട് തൊണ്ണൂറിലേറെ വർഷം കഴിഞ്ഞു. 1926-ൽ ശ്രീ.പി.കെ. കൃഷ്ണപിള്ള മുൻകൈയെടുത്ത് സ്ഥാപിച്ച ബാലകൃഷ്ണവിലാസം എൽ.പി.സ്കൂളാണ് പിൽക്കാലത്ത് കുളപ്പട ഗവൺമെന്റ് എൽ.പി.സ്കൂൾ ആയത്. 1948-ൽ ഈ വിദ്യാലയം സർക്കാരിന് വിട്ടുകൊടുത്തു. ആദ്യത്തെ പ്രഥമാധ്യാപകൻ ശ്രീ.പി.കെ. കൃഷ്ണപിള്ളയും ആദ്യത്തെ വിദ്യാർത്ഥി ശ്രീ. ഈശ്വരൻ പോറ്റിയുമായിരുന്നു. പതിറ്റാണ്ടുകൾക്കിപ്പുറം തിരിഞ്ഞുനോക്കുമ്പോൾ ഈ നാടിന് അഭിമാനസ്തംഭമായി ഈ സ്ഥാപനം മാറി. പ്രൊഫസർമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പേർ ഈ വിദ്യാലയത്തിരുമുറ്റത്ത് കളിച്ച് പഠിച്ചവരായിരുന്നു എന്ന കാര്യം അഭിമാനപൂർവ്വം നമുക്ക് ഓർമ്മിക്കാം.

ഇന്ന് ഈ വിദ്യാലയത്തിൽ ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്നു. പ്രീ-പ്രൈമറിമുതൽ 5-ാം ക്ലാസ് വരെയുണ്ട്. വികസനത്തിന്റെ പാതയിലാണ് ഈ വിദ്യാലയം. മലയാളം-ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ, കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സൗകര്യം, കുട്ടികളുടെ പാർക്ക്, ശിശുസൗഹൃദ ക്ലാസ് മുറികൾ, സ്മാർട്ട് ക്ലാസ് റൂം, ജൈവ വൈവിധ്യോദ്യാനം, പോഷകാഹാരം, സൗജന്യ യൂണിഫോം,

OPPO A79 5G
3 July 2025 at 1:12 pm

സ്കൂൾ വാഹനം തുടങ്ങി ഒരു സ്കൂളിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഒരു ബഹുനില കെട്ടിടം പണിയുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. വിദ്യാലയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാം തന്നെ പൂർവ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നതിൽ അതിയായ സന്തോഷം അറിയിച്ചുകൊള്ളട്ടെ.

OPPO A79 5G
Kulappada | 3 July 2025 at 1:13 pm

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുക.
* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* കൃഷി, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുക.
* ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

OPPO A79 5G
Kulappada | 3 July 2025 at 1:14 pm

# മലയാളം പ്രവർത്തനം: ഉണർവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാ കുട്ടികളെയും അക്ഷരപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | പ്രീടെസ്റ്റ്, CPTA<br>സചിത്ര പാഠരൂപീകരണം<br>കഥയുടെ ബാക്കി പറച്ചിൽ<br>എഴുതൽ<br>വായന | ജൂൺ മുതൽ മാർച്ച് വരെ | SRG<br>PTA,<br>ക്ലാസ് അധ്യാപകരും രക്ഷിതാക്കളും | 5000 |
| | അക്ഷരക്കാർഡ്, പദക്കാർഡ് ഇവ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കൽ, വായന<br>ശ്രാവ്യവായന<br>മാതൃകാവായന<br>മലയാളത്തിളക്കം<br>ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ | | SRG<br>ക്ലാസ് അധ്യാപകർ | 500 |
| | വായനക്കാർഡ് വായന<br>ക്ലാസ് ലൈബ്രറി സജ്ജമാക്കൽ<br>പുസ്തകങ്ങൾ തരംതിരിക്കൽ<br>കുട്ടിലൈബ്രേറിയൻമാരെ തെരഞ്ഞെടുക്കൽ | | SRG<br>CPTA | 5000 |
| | അമ്മ വായന<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>അവതരണം | | SRG | |
| | വായനോത്സവം | | SRG | 2000 |
| | രചനോത്സവം | | PTA | 2000 |

OPPO A79 5G
Kulappada | 3 July 2025 at 1:14 pm

| | | | | |
|---|---|---|---|---|
| | റീഡേഴ്സ് തിയേറ്റർ | | | |
| | ഡയറി എഴുത്ത് | | SRG | |
| | സംയുക്ത ഡയറി | | PTA | 1000 |
| | ക്ലാസ് പതിപ്പുകൾ തയ്യാറാക്കൽ | | SRG | |
| * കുട്ടികളുടെ സർഗ്ഗാത്മക ശേഷിവർദ്ധിപ്പിക്കുക. | കൊറിയോഗ്രഫി (ദൃശ്യാവിഷ്കാരം) | | SRG | 1000 |
| | സ്കിറ്റ് | | PTA | 500 |
| | അഭിനയം | ജൂൺ - | PTA | 1000 |
| | ബാലസഭകൾ | മാർച്ച് | PTA | 2000 |
| | ശില്പശാല - രചനാശില്പശാല | | PTA | 2000 |
| | നിർമ്മാണ ശില്പശാല | | SRG | 2000 |
| | മാഗസിൻ | | SRG | 500 |
| | ഒറിഗാമി | | | |

# ഗണിതം പ്രവർത്തനം : മധുരം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ★ അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | പ്രീ ടെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | SRG | 500 |
| | ക്ലാസ് PTA | | SRG | 500 |
| | ഗണിതപ്പാട്ടുകൾ | | PTA | 500 |
| | സംഖ്യാ റിബൺ | | SRG | 500 |
| | അബാക്കസ് | | ക്ലാസ് അധ്യാപകർ | 500 |
| | | | | 500 |
| | സംഖ്യാ കാർഡ് നിരത്താം | | | |
| | ആദ്യം സംഖ്യകൾ ക്രമീകരിച്ചതാര്? - ഗണിത കേളി | | അധ്യാപകർ | 500 |
| | കൂട്ടങ്ങളാക്കാം | | PTA | 500 |
| | കച്ചവടക്കളി | | SRG | 500 |
| | സംഖ്യാചക്രം | | | |
| | കലണ്ടർ പാറ്റേൺ | | അധ്യാപകർ | |
| | ഈർക്കിൽ കളിക്കാം | | SRG | 500 |
| | ഡൈസ് കളി - കൂടുതൽ പോയിന്റ് കിട്ടിയതാർക്ക്? | | SRG | |
| | സ്ഥാനവില പോക്കറ്റിൽ സംഖ്യ ക്രമീകരിക്കാം. | | SRG | 500 |
| | സംഖ്യാ ഗ്ലാസ് അടുക്കാം. | | SRG | 500 |
| | കമ്പ്യൂട്ടർ ഗെയിമുകൾ (ICT) | | അധ്യാപകർ | |
| | പ്രായോഗിക പ്രശ്നങ്ങൾ | | SRG | |

OPPO A79 5G
Kulappada | 3 July 2025 at 1:14 pm

# പരിസരപഠനം

പ്രവർത്തനം: **ഞാൻ സയന്റിസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പ്രകൃതിയിലെ വിസ്മയങ്ങൾ (ICT, ചിത്രങ്ങൾ, വീഡിയോകൾ) | ജൂൺ മുതൽ മാർച്ച് വരെ | SRG | 500 |
| | ജൈവവൈവിധ്യോദ്യാനം നിരീക്ഷണം | | SRG | - |
| | സ്കൂൾ അസംബ്ലിയിൽ ശാസ്ത്ര വാർത്തകൾ വായന | | SRG | 500 |
| | സയൻസ് മാജിക് - സ്കൂൾ അസംബ്ലിയിൽ. | | ക്ലാസ് അധ്യാപകർ | 2000 |
| | ലഘു പരീക്ഷണം - ഒരുകുട്ടി 100 പരീക്ഷണം | | SRG PTA | 5000 |
| | ലാബ് നവീകരണം. | | PTA/ SMC | 10,000 |
| | പ്ലാസ്റ്റിക് നിർമ്മാർജ്ജനം | | PTA, SRG | 1000 |

OPPO A79 5G
Kulappada | 3 July 2025 at 1:14 pm

# English Activity: Talk me in English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും ആശയവിനിമയം ഇംഗ്ലീഷിൽ നടത്താനും ഉള്ള കഴിവ് വികസിപ്പിക്കുക. | Pre test | June - March | | |
| | CPTA | | SRG | 500 |
| | SRG | | SRG<br>PTA | |
| | പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | | SRG | |
| | ഇംഗ്ലീഷ് അസംബ്ലി | | Class teacher | |
| | ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ | | SRG, PTA. | 5000 |
| | Reading Cards. | | SRG | 500 |
| | ബാലസഭയിൽ story telling, Choreography, skit etc:- | | SRG, PTA | 1000 |
| | English News Reading | | SRG | |
| | Diary Writing | | | |
| | Speech | | SRG | |
| | Magazines | | SRG, PTA | 1000 |
| | English Fest | | PTA, SMC | 5000 |
| | | | SRG | |

OPPO A79 5G
Kulappada | 3 July 2025 at 1:15 pm